**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത് എത്ര ഏക്കറിലാണെന്നും അറിയിക്കാമോ; | (എ) | കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പുണ്യഭവൻ (ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൻ ) ആശാ ഭവൻ (പുരുഷന്മാർ), ഗവ. വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു. കോംപ്ലക്സ് സ്ഥിതിചെയ്യുന്നത് ഏകദേശം 25 ഏക്കറിലാണ് |
| (ബി) | പ്രസ്തുത കോംപ്ലക്സിലെ അന്തേവാസികൾക്കായി പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഭിന്നശേഷിക്കാർക്കു വേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ തൊഴിൽ പരിശീലന കേന്ദ്രമായ വി.ടി.സി കോഴിക്കോട് ജില്ലയിൽ മായനാട് പ്രവർത്തിക്കുന്നുണ്ട്. മറ്റു അന്തേവാസികൾക്കായി പരിശീലന കേന്ദ്രങ്ങൾ ഒന്നും തന്നെ നിലവിലില്ല. |
| (സി) | പ്രസ്തുത കോംപ്ലക്സിന്റെ പശ്ചാത്തല വികസനത്തിനും സുരക്ഷയ്ക്കുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്ന പുണ്യഭവനിൽ (എച്ച് എം ഡി സി ) താഴെ കാണിക്കുന്ന വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>പുണ്യഭവൻ ( എച്ച് എം ഡി സി )<br><br>സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വൃദ്ധസദനങ്ങൾ, ഭിന്നശേഷി സ്ഥാപനങ്ങൾ എന്നിവയെ ഘട്ടം ഘട്ടമായി നവീകരിക്കുന്നതിന്റെ ആദ്യപടിയായി മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്ഥാപനമായ എച്ച് എം ഡി സി (ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൻ ) യെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുവാൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. സ്ഥാപനത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് (എച്ച് എൽ എഫ് പി പി റ്റി) മുഖേന നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തിയതായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ രേഖകളിൽ സ്ഥാപനത്തിന്റെ പേര് 'പുണ്യഭവൻ' എന്ന് പുന:നാമകരണം ചെയ്തിട്ടുണ്ട്. |

സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും നവകരിച്ചിട്ടുണ്ട്.

2. ശിശു സൗഹൃദമായ ചുറ്റുപാടുകൾ ഒരുക്കുന്നതിനായി കെട്ടിടത്തിലും മതിലിലും ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.

3. കുട്ടികൾക്കായി മനോഹരമായ ഒരു പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിനുള്ളിൽ കുട്ടികൾക്കായി കളിസ്ഥലം ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ ഡൈനിംഗ് ഹാൾ പുതിയ ഫർണിച്ചറുകളോടെയും പെയിന്റുകളോടെയും ഭംഗിയും വൃത്തിയും സൗകര്യവും ഉള്ളതായി മാറ്റിയിട്ടുണ്ട്. കുട്ടികളുടെ പ്രയാത്തിനനുസരിച്ച് പ്രത്യേകം പ്രത്യേകം താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സേവനം മെച്ചപ്പെടുത്തുക, ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവരുടെ കായികപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുക എന്നിവയ്ക്കായി മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഇതിന്റെ തുടർച്ചായി സ്ഥാപനത്തിൽ മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഈ കോംപ്ലക്സിന്റെ എസ്റ്റേറ്റ് ഓഫീസറായി പ്രവർത്തിക്കുന്നത് വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോം ബോയ്സ് സൂപ്രണ്ടാണ്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആശാഭവൻ (മെൻ) ഒഴികെ ബാക്കി എല്ലാ സ്ഥാപനങ്ങൾക്കും ചുറ്റുമതിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങളും നിലവിൽ ഉണ്ട്. കോംപ്ലക്സിലുള്ള ബാക്കി സ്ഥാപനങ്ങൾ വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും വനിത ശിശു വികസന വകുപ്പ് മുഖേനയാണ് നടന്നു വരുന്നത്.

സെക്ഷൻ ഓഫീസർ